**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2974   22/02/2016 -ൽ മറുപടിയ്ക്ക്

# ജൈവകൃഷി വ്യാപിപ്പിക്കാൻ കർമ്മപദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.എസ്.ശബരീനാഥൻ**<br>**,, എം.പി.വിൻസെന്റ്**<br>**,, സി.പി.മുഹമ്മദ്**<br>**,, ബെന്നി ബെഹനാൻ** | **ശ്രീ . കെ.പി.മോഹനൻ**<br>**(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) സംസ്ഥാനത്ത് ജൈവകൃഷി രീതി വ്യാപിപ്പിക്കാനുള്ള കർമ്മ പദ്ധതികളിലൂടെ എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; | എ) കാർഷിക രംഗം സുസ്ഥിരവും ആദായകരവുമാക്കുക, മണ്ണിന്റെ ഫലഭൂയിഷ്ഠിയും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുക, ജൈവ സുരക്ഷയും ഭക്ഷ്യ-പോഷണ സുരക്ഷയും ഉറപ്പുവരുത്തുക, മാരകമായ രാസവസ്തുക്കളുടെ ഉപയോഗം നിർത്തലാക്കുക, അതുവഴി മണ്ണ്, വായു, ജലം, തുടങ്ങിയവയെ സംരക്ഷിക്കുക, ജൈവവൈവിദ്ധ്യം മുൻ നിർത്തിയുള്ള പാരിസ്ഥിതികമായ കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുക, സുരക്ഷിതമായ ഭക്ഷണം നൽകുന്നതിലൂടെ മനുഷ്യ ആരോഗ്യം നിലനിർത്തുക, ജൈവ ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിനായി പ്രത്യേകം സംവിധാനങ്ങൾ സജ്ജമാക്കുക. ഉപഭോക്താക്കൾക്ക് ന്യായമായ നിരക്കിൽ ഗുണമേന്മയുള്ള കാർഷിക വിഭവങ്ങൾ ലഭ്യമാക്കുക, കൂടുതൽ കർഷകരെ ജൈവ കൃഷി രീതികളിലേയ്ക്ക് ആകർഷിക്കുക. |

| | | |
|---|---|---|
| ബി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | ബി) ജൈവ കൃഷി വ്യാപന പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും സംസ്ഥാന തലത്തിൽ 'State Organic Farming Cell' രൂപീകരിച്ചിട്ടുണ്ട്. കൃഷി ഡയറക്ടറേറ്റിലാണ് സെൽ പ്രവർത്തിച്ച വരുന്നത്. ജൈവ കാർഷിക പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കാനും , ജില്ലാ,ബ്ലോക്ക്, ഫീൽഡ് തലങ്ങളിൽ പദ്ധതികളുടെ പുരോഗമനം ഉറപ്പുവരുത്താനും 'State Co-Ordinator -നെ ചുമതലപ്പെടുത്തിയിരിക്കുന്നു. Technology Manager, Facilitator തുടങ്ങിയവരെയും 'State Organic Farming Cell' -ൽ നിയമിച്ചിട്ടുണ്ട്.<br><br>ജില്ലാ തലങ്ങളിലും ഇപ്രകാരം 'Organic Farming Cell' രൂപീകരിച്ചിട്ടുണ്ട്. ജില്ലാതല പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ Technology Manager, Facilitator തുടങ്ങിയവർ പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുന്നു. പദ്ധതി നടത്തിപ്പിനായി വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.<br><br>ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള മുഖാന്തിരം ജൈവകൃഷി പ്രോത്സാഹനം, ജൈവ ഉത്പന്നങ്ങളുടെ സർട്ടിഫിക്കേഷൻ, മണ്ണിര കമ്പോസ്റ്റ് നിർമ്മാണം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നു. ജൈവകൃഷി പ്രോത്സാഹനത്തിന് ഹെക്ടറിന് 20,000 രൂപ മൊത്തം ചെലവ് കണക്കാക്കി 50 ശതമാനം സബ്സിഡിയായി 10,000 രൂപ മൂന്ന് ഗഡുക്കളായി അനുവദിക്കുന്നു.<br><br>ജൈവ ഉത്പ്പന്നങ്ങളുടെ സർട്ടിഫിക്കേഷനു വേണ്ടി 50 ഹെക്ടർ സ്ഥലം ഒരു യൂണിറ്റായി കണക്കാക്കി അഞ്ച് ലക്ഷം രൂപ ആദ്യ രണ്ട് വർഷങ്ങളിൽ 1.50 ലക്ഷം രൂപ വീതവും, മൂന്നാമത്തെ വർഷം 2 ലക്ഷം രൂപ എന്ന നിരക്കിലും |

അനുവദിക്കുന്നു.

ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി പ്രകാരം കർഷകർക്ക് 30'x 8'x 2.5' വ്യാപ്തിയുള്ള മണ്ണിര കമ്പോസ്റ്റ് യൂണിറ്റൊന്ന് നിർമ്മിക്കുന്നതിന് മൊത്തം 1,00,000 രൂപ ചെലവ് കണക്കാക്കി 50 ശതമാനം സബ്സിഡിയായി 50,000 രൂപ അനുവദിക്കുന്നതാണ്.

വീടുകളിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 'ഗ്രോബാഗ്' പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 57 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ കഴിഞ്ഞ 5 വർഷങ്ങളിലായി വിതരണം ചെയ്തിട്ടുണ്ട്. ഫലവൃക്ഷങ്ങളുടെ ഗ്രാഫ്റ്റുകൾ, ജൈവവളങ്ങൾ, പൂച്ചെടികൾ, ജൈവരോഗകീടനാശിനികൾ, കാർഷിക ഉപകരണങ്ങൾ എന്നിവ 'കൃഷി ബിസിനസ്സ് കേന്ദ്ര' വഴി വിതരണം ചെയ്തുവരുന്നു. 'ഹരിതനഗരി' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ, ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**